# കേരള സർവകലാശാല

നം.പി.ആർ.275/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2019 ഡിസംബർ 17 ന് നടത്താനിരുന്ന സർവകലാശാലയുടെ പിഎച്.ഡി കോഴ്സ് വർക്ക് പരീക്ഷ (പേപ്പർ I– റിസർച്ച് മെത്തഡോളജി), 2019 ഡിസംബർ 30 ന് നടത്തുന്നതാണ്. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ.

2020 ജനുവരി 6 മുതൽ ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.എൽ.ഐ.എസ്.സി – വിദൂര വിദ്യാഭ്യാസ വിഭാഗം 2018 അഡ്മിഷൻ – റെഗുലർ, 2017 അഡ്മിഷൻ സപ്ലിമെന്ററി പരീക്ഷകൾക്ക് ഡൗൺലോഡ് ചെയ്ത ഹാൾടിക്കറ്റും തിരിച്ചറിയൽ കാർഡുമായി സ്കൂൾ ഓഫ് ഡിസ്റ്റന്റ് എഡ്യൂക്കേഷൻ കാര്യവട്ടം സെന്ററിൽ വിദ്യാർത്ഥികൾ ഹാജരാകണം. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### വൈവാ വോസി

വിദൂര വിദ്യാഭ്യാസ കേന്ദ്രം 2019 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.കോം ഡിഗ്രി (എസ്.ഡി.ഇ– 2017 അഡ്മിഷൻ) പരീക്ഷയുടെ വൈവാ വോസി 2020 ജനുവരി 1 മുതൽ 7 വരെ കാര്യവട്ടം വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ: 0471 – 2386442 (EGV)

### ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്താം

ബി.ആർക്ക് ഡിഗ്രി കോഴ്സ് (2013 അഡ്മിഷൻ) അഡ്മിഷൻ നേടി ആറ് വർഷം പൂർത്തിയാക്കിയ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് (യൂണിവേഴ്സിറ്റി പരീക്ഷക്ക് 40 മാർക്കിന് താഴെ ലഭിച്ചിട്ടുളളവർ) ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിന് അവസരം നൽകുന്നു. പഠിച്ച കോളേജിലെ പ്രിൻസിപ്പാൾ റെഗുലർ ഫാക്കൽറ്റിയെ ഇതിനായി വിനിയോഗിച്ച് കോഴ്സിലെ ആവശ്യകത അനുസരിച്ച് ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്താവുന്നതാണ്. ഒരു സെമസ്റ്ററിൽ ഒരു പ്രാവശ്യം മാത്രമേ അപേക്ഷ നൽകാൻ സാധിക്കുകയുളളൂ. അപേക്ഷയോടൊപ്പം 735/- രൂപ ഫീസ് ഓരോ സെമസ്റ്ററിനും അടയ്ക്കേണ്ടതാണ്. അപേക്ഷ നൽകാനുളള അവസാന തീയതി 2020 ജനുവരി 20. അപേക്ഷയുടെ പകർപ്പും വിശദവിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

## പരീക്ഷാഫലം

2019 ജൂലൈയിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്.സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (മേഴ്സിചാൻസ് 2008 അഡ്മിഷൻ വരെ) പരീക്ഷാഫലം വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2020 ജനുവരി 4 വരെ അപേക്ഷിക്കാം.

2019 ജൂലൈയിൽ നടത്തിയ നാല്, ആറ് സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് (ഹിയറിംഗ് ഇംപയേർഡ്) ഡിഗ്രി കോഴ്സിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2020 ജനുവരി 10 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടം, കമ്പൈൻഡ് ഒന്നും രണ്ടും സെമസ്റ്റർ (2018 സ്കീം) ബി.ടെക് ഏപ്രിൽ 2019 ന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി 2020 ജനുവരി 6 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,

26.12.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**